# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

## നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 313.

## 27.9.2016 ലെ മറുപടിക്ക്

**കരുനാഗപ്പള്ളി മണ്ഡലത്തിലെ ആശുപത്രികൾക്ക് അനുവദിച്ച ആംബുലൻസുകൾ**

| | ചോദ്യം<br>ശ്രീ. ആർ. രാമചന്ദ്രൻ | ഉത്തരം<br>ഡോ.ടി.എം. തോമസ് ഐസക്ക്<br>(ബഹു. ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|---|
| (എ) | 2016-17 സാമ്പത്തിക വർഷത്തെ ആസ്തി വികസന ഫണ്ടിൽ നിന്ന് കരുനാഗപ്പള്ളി ഗവൺമെന്റ് ആശുപത്രി, തഴവ പ്രൈമറി ഹെൽത്ത് സെന്റർ എന്നിവയ്ക്കായി അനുവദിച്ച ആംബുലൻസുകൾ നാളിതുവരെ പ്രസ്തുത സ്ഥാപനങ്ങൾക്ക് ലഭിച്ചിട്ടില്ല എന്ന വിവരം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; | 2016-17 സാമ്പത്തിക വർഷം പ്രസ്തുത സ്ഥാപനങ്ങൾക്ക് ആംബുലൻസുകൾ വാങ്ങുന്നതിന് ധനാനുമതി നൽകിയിട്ടില്ല. എന്നാൽ 2015-16 സാമ്പത്തിക വർഷത്തെ ആസ്തി വികസന ഫണ്ടിൽ നിന്നും അനുവദിച്ച ആംബുലൻസുകൾ സ്ഥാപനങ്ങൾക്ക് ലഭിച്ചിട്ടില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടില്ല |
| (ബി) | പ്രസ്തുത ആംബുലൻസുകൾ നിരത്തിലിറക്കുന്നതിനു കാലതാമസം നേരിട്ടതിന്റെ കാരണം വ്യക്തമാക്കുമോ; | 2015-16 സാമ്പത്തിക വർഷം തദ്ദേശ സ്വയംഭരണ (ഡി.ബി) വകുപ്പിൽ നിന്നും 04.03.2016-ാം തീയതിയിലെ സ.ഉ. (സാധാ) നം. 1165/2016/ത.സ്വ.ഭ.വ പ്രകാരം കരുനാഗപ്പള്ളി ഗവൺമെന്റ് ആശുപത്രിയ്ക്കും, തഴവ പ്രാഥമികാരോഗ്യ കേന്ദ്രത്തിലെ പാലിയേറ്റീവ് കെയർ യൂണിറ്റിനും അനുവദിച്ച ആംബുലൻസ് വാങ്ങിക്കുന്നതിനായി ഉത്തരവായിരുന്നുവെങ്കിലും പ്രസ്തുത ഉത്തരവിൽ ഏത് ഏജൻസി മുഖാന്തിരമാണ് ആംബുലൻസ് വാങ്ങേണ്ടതെന്ന നിർദ്ദേശം ഉൾക്കൊള്ളിക്കാത്തതിനാലാണ് കാലതാമസം വരാനിടയായത്. പ്രസ്തുത സ്ഥാപനങ്ങൾക്ക് ആംബുലൻസുകൾ വാങ്ങി നൽകുന്നതിന് എൽ.എസ്.ജി.ഡി. ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (സി) | പ്രസ്തുത ആംബുലൻസുകൾ നിരത്തിലിറക്കുന്നതിന് നടപടി സ്വീകരിക്കുമോ? | |

സെക്ഷൻ ഓഫീസർ